200 ലക്ഷം രൂപ അടങ്കൽ വരുന്ന ഈ പദ്ധതിക്ക് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓണാട്ടുകര മേഖലയുടെ പൈതൃകവും കൃഷി രീതികളും ഉത്സവങ്ങളും തനത് കലാരൂപങ്ങളുമെല്ലാം കോർത്തിണക്കി ഒരു സർക്യൂട്ട് വികസിപ്പിച്ച് സഞ്ചാരികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതുവഴി ഈ പ്രദേശങ്ങളുടെ ആകെ വികസനത്തിനും പ്രദേശവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും കഴിയുമെന്ന് കരുതുന്നു. ഈ മേഖലയെ ഒരു ടൂറിസം സർക്യൂട്ട് എന്ന നിലയിൽ വികസിപ്പിക്കുവാനുള്ള സാധ്യത പരിശോധിക്കും. ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധികളുടെ യോഗത്തിലും ഇത് വിശദമായി ചർച്ച ചെയ്യുന്നതായിരിക്കും.

6. സൗജന്യ ഓൺലൈൻ റെയിൽവേ യാത്രാ റിസർവേഷൻ

ശ്രീ. കെ. ബാബു (നെന്മാറ): സർ, മരണത്തെ മുഖാമുഖം കണ്ട് ജീവിതത്തിലേയ്ക്ക് തിരിച്ചെത്താൻ തീവണ്ടി മാർഗ്ഗം തിരുവനന്തപുരം ആർ.സി.സി.-യിൽ ചികിത്സയ്ക്കെത്തുന്ന പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് വേണ്ടിയുള്ളതാണ് എന്റെ ഈ സബ്മിഷൻ. നമ്മുടെ സംസ്ഥാനത്ത് ക്യാൻസർ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി സർക്കാർ, സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ ഉണ്ടെങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്യാൻസർ രോഗികൾ ഏറ്റവും പ്രധാനമായും ചികിത്സയ്ക്ക് ആശ്രയിക്കുന്നത് തിരുവനന്തപുരത്തെ ആർ.സി.സി.-യെ ആണ്. കാസർഗോഡ് മുതൽ ചികിത്സയ്ക്ക് എത്തുന്ന രോഗികളിൽ 90 ശതമാനവും ആർ.സി.സി.-യിൽ എത്തുന്നത് ട്രെയിൻ മാർഗ്ഗമാണ്. ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് ആർ.സി.സി.-യിൽനിന്ന് ലഭിക്കുന്ന പാസുമായി നേരിട്ട് റെയിൽവേ സ്റ്റേഷനിലെത്തി ടിക്കറ്റെടുത്താൽ രോഗികൾക്ക് പൂർണ്ണമായും ക്ലാസുള്ള ഒരാൾക്ക് 50 ശതമാനത്തിന്റെയും ഇളവാണ് ഇപ്പോൾ ലഭിക്കുന്നത്. അതൊരു വലിയ സഹായമാണ്. ഈ മഹാമാരിയുടെ കാലത്തും ദിനംപ്രതി 300-ലധികം സൗജന്യ ട്രെയിൻ പാസ്സുകൾ ആർ.സി.സി. മുഖാന്തരം നൽകുന്നുണ്ടെന്നാണ് അറിയുന്നത്. ഓൺലൈൻ വഴി ടിക്കറ്റെടുത്താൽ ആർക്കും ലോകത്ത് എവിടേയ്ക്കും യാത്ര ചെയ്യാമെന്നിരിക്കെ ആർ.സി.സി.-യിൽനിന്നും നൽകുന്ന പാസ്സുമായി കിലോമീറ്റർ അകലെയുള്ള സ്വന്തം സ്ഥലത്തെ റെയിൽവേ സ്റ്റേഷനുകളിൽ നേരിട്ട് ചെന്നുവേണം ഈ പാവപ്പെട്ട രോഗികൾ ടിക്കറ്റെടുക്കാൻ. എന്നാൽ മാത്രമേ അവർക്ക് യാത്ര ചെയ്യാൻ കഴിയൂ എന്ന സ്ഥിതിയാണ് നിലവിലുള്ളത്. അതുകൊണ്ട് ആർ.സി.സി.-യിൽ ചികിത്സയ്ക്ക് എത്തുന്നവർക്കുകൂടി ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം ആർ.സി.സി.-യിൽത്തന്നെ ഒരു റെയിൽവേ റിസർവേഷൻ കൗണ്ടർ ആരംഭിക്കാനാവശ്യമായ നടപടി ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി(ശ്രീ. വി. അബ്ദുറഹിമാൻ) : സർ, ബഹുമാനപ്പെട്ട നെന്മാറ എം.എൽ.എ.-യുടേത് പ്രസക്തമായൊരു സബ്മിഷനാണ്. ക്യാൻസർ ചികിത്സ, പീരിയോഡിക്കൽ ചെക്കപ്പ് എന്നിവയ്ക്കായി അംഗീകൃത ആശുപത്രി സ്ഥാപനങ്ങളിലെ ഓഫീസർ ഇൻ ചാർജ്ജ് നൽകുന്ന സർട്ടിഫിക്കറ്റോടുകൂടി ടിക്കറ്റെടുക്കുന്ന ക്യാൻസർ രോഗികൾക്ക് നിലവിൽ റെയിൽവേയുടെ യാത്രാ സൗജന്യമുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ടെയിനുകൾ സ്പെഷ്യൽ ടെയിനുകളായി ഓടിക്കുന്നതിനാൽ ക്യാൻസർ രോഗികൾക്കുള്ള ഈ സൗകര്യം നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. രോഗികൾക്ക് സഹായകരമാകുന്ന ഒരു സംവിധാനമാണ് ഇപ്പോൾ ഇല്ലാതായിരിക്കുന്നത്. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ക്യാൻസർ രോഗികൾക്ക് കൺസെഷനോടുകൂടിയ ഓൺലൈൻ റിസർവ്വേഷൻ സൗകര്യം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ചട്ടം 166(1)പ്രകാരമുള്ള കടലാസ്സുകൾ

(I) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

ക്രമ നമ്പർ	എസ്. ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
		നമ്പർ	തീയതി	
1	468/2021	ജി.ഒ.(പി) നമ്പർ 44/2021/ഹോം	24-6-2021	അല്ല
2	473/2021	ജി.ഒ.(ആർറ്റി) നമ്പർ 1702/2021/ഹോം	18-6-2021	അല്ല
3	516/2021	ജി.ഒ.(പി) നമ്പർ 19/2021/ജിഎഡി	9-7-2021	അല്ല
4	-	സ.ഉ.(എംഎസ്)നമ്പർ 114/2021/പൊഭവ	3-6-2021	അല്ല
5	-	സ.ഉ.(കൈ) നമ്പർ 129/2021/പൊഭവ	5-7-2021	അല്ല

(II) തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു: